<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2550</u> <u>27-02-2023 - ൽ മറുപടിയ്ക്ക്</u>

<u>സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് ലൈഫ് സൈക്കിൾ കോസ്റ്റ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഒരു സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് ലൈഫ് സൈക്കിൾ കോസ്റ്റ് ആയി കേന്ദ്ര സർക്കാർ എന്ത് തുകയാണ് നിശ്ചയിച്ചിട്ടുള്ളത്; ആയതിന് കേരളത്തിൽ ചെലവാകുന്ന തുക എത്രയെന്ന് ടെൻഡർ മുഖേന നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | ആർ.ഡി.എസ്.എസ്. പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം സ്മാർട്ട് മീറ്ററൊന്നിനു 6000 രൂപയാണ് "ലൈഫ് സൈക്കിൾ കോസ്റ്റായി (സ്മാർട്ട് മീറ്ററും അനുബന്ധ സോഫ്റ്റ്‌വെയറുകളും സ്ഥാപിച്ച് 93 മാസം പരിപാലിക്കുന്നതിനുള്ള ചെലവ്) കേന്ദ്ര സർക്കാർ നിശ്ചയിച്ച തുക. യഥാർത്ഥ ചെലവ് ടെണ്ടർ വഴി മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഒന്നാം ഘട്ടത്തിലെ ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഒരു സർവ്വീസ് പ്രൊവൈഡറെ (സേവന ദാതാവ്) കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13.02.2023-ന് ആരംഭിച്ചു. |
| (ബി) | സേവന ദാതാവിന് പ്രസ്തുത തുക നൽകേണ്ടത് ഉപഭോക്താവിന്റെ ഉത്തരവാദിത്തമാണോ; ആണെങ്കിൽ ഉപഭോക്താവിൽ നിന്നും ഈ തുക എപ്രകാരം ഈടാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഉപഭോക്താവിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്താതെ എങ്ങനെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാം എന്നതുൾപ്പെടെയുള്ള കാര്യങ്ങളെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ